# യെസ് ബാങ്ക് ജി.പി.ആർ. പ്രീപെയ്ഡ് കാർഡുകൾക്കുള്ള നിബന്ധനകളും വ്യവസ്ഥകളും

ഇതിൽ സൂചിപ്പിച്ചിട്ടുള്ള നിബന്ധനകളും വ്യവസ്ഥകളും (ഇതിമേൽ ഇതിൽ **"നിബന്ധനകളും വ്യവസ്ഥകളും"** എന്നു സൂചിപ്പിച്ചിരിക്കുന്നു) **"ജി.പി.ആർ. പ്രീപെയ്ഡ് കാർഡി"**ന്റെ ഉപയോഗത്തിന് ബാധകമായിരിക്കുന്നതും, അതിന്റെ ഉപയോഗത്തിനു മുമ്പായി സമ്മതിക്കേണ്ടതും അംഗീകരിക്കേണ്ടതും ആവശ്യമായിരിക്കുന്നതുമാണ്. ചുവടെ വ്യക്തമാക്കിയിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും, യെസ് ബാങ്ക് ലിമിറ്റഡിന്റെ പൂർണ്ണമായ വിവേചനത്തിൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്നതനുസരിച്ച്, **"ജി.പി.ആർ. പ്രീപെയ്ഡ് കാർഡു"**കളുമായുള്ള ബന്ധത്തിൽ താങ്കളും യെസ് ബാങ്കും തമ്മിലുള്ള മുഴുവൻ കരാറിനെയും കൂടാതെ/അല്ലെങ്കിൽ ക്രമീകരണത്തെയും ഭരിക്കുന്നതാണ്.

**"ജി.പി.ആർ. പ്രീപെയ്ഡ് കാർഡ്"** എടുക്കുന്നതിനായി സൈൻ-അപ്പ് പ്രക്രിയ പൂർത്തിയാക്കുന്നതിലൂടെ, ഇതിൽ സൂചിപ്പിച്ചിട്ടുള്ള ഓരോരോ നിബന്ധനകളും വ്യവസ്ഥകളും താങ്കൾ വ്യക്തമായി വായിക്കുകും, മനസ്സിലാക്കുകയും, അംഗീകരിക്കുകയും ചെയ്തതായി കണക്കാക്കുന്നതാണ്. ഇതിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും വ്യവസ്ഥകളും, യെസ് ബാങ്ക് ലിമിറ്റഡിന്റെ പൂർണ്ണമായ വിവേചനത്തിൽ കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്നതനുസരിച്ച്, താങ്കള്ക്ക് ബാധകമായിരിക്കുന്നതാണ് എന്ന് താങ്കൾ സമ്മതിക്കുന്നു.

## I. നിർവചനങ്ങൾ

ഈ നിബന്ധനകളിലും വ്യവസ്ഥകളിലും, വിരുദ്ധമായ ഉദ്ദേശ്യം കാണപ്പെടുന്നില്ല കൂടാതെ/അല്ലെങ്കിൽ പശ്ചാത്തലം മറിച്ച് ആവശ്യപ്പെടുന്നില്ല എങ്കിൽ, വലിയ അക്ഷരങ്ങിൽ നല്കിയിരിക്കുന്ന പദങ്ങൾക്ക് (i) ഉദ്ധരിണികളിൽ കൂടാതെ/അല്ലെങ്കിൽ ആവരണചിഹ്നങ്ങൾക്കുള്ളിൽ ഉൾപ്പെടുത്തി നിർവചിച്ചിരിക്കുന്ന പദങ്ങൾക്ക് അത്തരത്തിൽ ചുമത്തിയിരിക്കുന്ന അർത്ഥവും (ii) ചുവടെ നല്കിയിരിക്കുന്ന പദങ്ങൾക്ക് ഇതിൽ ചുവടെ അവയ്ക്ക് നല്കിയിരിക്കുന്ന അർത്ഥവുമാവും ഉണ്ടാവുക:

a) "അക്കൗണ്ട്" അഥവാ "കാർഡ് അക്കൗണ്ട്" എന്നത് സൂചിപ്പിക്കുന്നത്, പി.പി.ഐ.കളിൽ ലഭ്യമായ പരിധികളെ നിരീക്ഷിക്കുന്നതിനായി അത്തരം പി.പി.ഐ.യിൽ ലോഡ് ചെയ്തിരിക്കുന്ന തുകയ്ക്ക് തത്തുല്യമായ അക്കൗണ്ട് ബാലൻസോടു കൂടിയ ഒരു പ്രീപെയ്ഡ് അക്കൗണ്ടിനെയാണ്.

b) "അപേക്ഷാ ഫോം എന്നതിന്റെ അർത്ഥം സാഹചര്യം അവനുവദിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യുന്നതു പ്രകാരം, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന് അപേക്ഷിക്കുന്നതിന്റെ കൂടാതെ/അല്ലെങ്കിൽ എടുക്കുന്നതിന്റെ ഉദ്ദേശ്യത്തിനായി, ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായുള്ള ബന്ധത്തിൽ കാലാകാലങ്ങളിൽ ഉപഭോക്താവ് സമർപ്പിക്കുന്ന ആവശ്യമായ എല്ലാ വിവരങ്ങളും വിശദാംശങ്ങളും, സ്പഷ്ടീകരണങ്ങളും, പ്രസ്താവനകളും ഏതെങ്കിലും ഉണ്ടെങ്കിൽ അവ സഹിതം ഉപഭോക്താവ് യെസ് ബാങ്കിന് സമർപ്പിക്കുന്ന ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് എന്നാണ്.

c) “ബിസിനസ്സ് ദിവസം” എന്നതിന്റെ അർത്ഥം ഞായറാഴ്ച്ചയോ 1881ലെ നെഗോഷ്യബിൾ ഇൻസ്ട്രുമെന്റ് ആക്ടിന്റെ സെക്ഷൻ 25നു കീഴിൽ നിർവചിച്ചിരിക്കുന്ന പൊതു അവധദിവസമോ അല്ലാത്തതായ, ബാങ്കിംഗിന്റെ ബിസിനസ്സ് നടത്തുന്നതിനായി ബാങ്കുകൾ തുറന്നിരിക്കുന്നതായ ഒരു ദിവസം എന്നാണ്.

d) “ചാർജുകൾ” എന്നതിന്റെ അർത്ഥം ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ ഉപയോഗത്തിനായി യെസ് ബാങ്ക്, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന പ്രകാരം, ചുമത്തുന്ന ലെവി, വിലകൾ, ചാർജുകൾ എന്നിവയാണ്.

e) “ക്യാഷ് പരിധി” എന്നതിന്റെ അർത്ഥം, ഉപഭോക്താവ് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ചതിന്റെ ഫലമായി അതിൽ വരുത്തിയ മൊത്തം ഡെബിറ്റുകൾ കുറച്ച ശേഷം, ഉപഭോക്താവിന് ഇഷ്യു ചെയ്തിട്ടുള്ള ജി.പി.ആർ. പ്രീപെയ്ഡ് കാർഡിലേക്ക് കൈമാറിയിട്ടുള്ള തുകകളേക്കാൾ ഒരു കാരണവശാലും കൂടുതലാകാൻ പാടില്ല എന്നതിനു വിധേയമായി, ഏത് നിശ്ചിത ദിവസത്തിലേക്ക് അല്ലെങ്കിൽ കാലാകാലങ്ങളിൽ യെസ് ബാങ്ക് നിശ്ചയിച്ചേക്കാവുന്നത് പ്രകാരമുള്ള കാലത്തിലേക്ക് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ച് ഉപഭോക്താവിന് പിൻവലിക്കാനാവുന്ന പരമാവധി തുക എന്നാണ്.

f) “ഉപഭോക്താവ്” അല്ലെങ്കിൽ “ഹോൾഡർ” എന്നതുകൊണ്ട് ബാങ്കിൽ നിന്ന് പി.പി.ഐ.കൾ കരസ്ഥമാക്കുകയും/വാങ്ങുകയും അത്തരം ഇൻസ്ട്രുമെന്റുകളിൽ ശേഖരിച്ചിരിക്കുന്ന മൂല്യത്തിന് എതിരായി ഉല്പന്നങ്ങളും ധനകാര്യ സേവനങ്ങൾ, റെമിറ്റൻസ് സൗകര്യങ്ങൾ മുതലായവ ഉൾപ്പെടെയുള്ള സേവനങ്ങളും വാങ്ങുന്നതിനായി അത് ഉപയോഗിക്കുകയും ചെയ്യുന്ന ഏത് വ്യക്തിയോ, ലിമിറ്റഡ് ലയബിളിറ്റി പാർട്ട്ണർഷിപ്പ് സ്ഥാപനമോ, പാർട്ട്ണർഷിപ്പോ, കമ്പനിയോ, അല്ലെങ്കിൽ ബാധകമായ നിയമങ്ങൾക്കു കീഴിലുള്ള മറ്റെതെങ്കിലും സംഘടന അല്ലെങ്കിൽ എന്റിറ്റി എന്ന് അർത്ഥമാക്കുന്നതാണ്.

g) “ഉപഭോക്തൃ സേവന കേന്ദ്രം” എന്നത് ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെട്ട് ഉപഭോക്താവ് ഉന്നയിക്കുന്ന എല്ലാ ചോദ്യങ്ങളെയും, പരാതികളെയും അഭിസംബോധന ചെയ്യുന്നതിനായി അല്ലെങ്കിൽ ഉപഭോക്താവ് തേടുന്ന ഏത് വിശദാംശങ്ങളും അല്ലെങ്കിൽ വിവരങ്ങളും നല്കുന്നതിനായി യെസ് ബാങ്ക് പ്രദാനം ചെയ്യുന്ന പ്രോഗ്രാം ഫോൺ ബാങ്കിംഗ് സേവനം എന്നാണ്.

h) “കാർഡ് കരാർ” എന്നതിന്റെ അർത്ഥം അതിന്റെ ജീവനക്കാർക്ക്/ കരാറടിസ്ഥാനത്തിലുള്ള സ്റ്റാഫിന് ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ ഇഷ്യുവൻസിനായി ഉപഭോക്താവ് യെസ് ബാങ്കുമൊത്ത് ഒപ്പിടുകയും എക്സിക്യൂട്ട് ചെയ്യുകയും ചെയ്യുന്ന കരാർ അല്ലെങ്കിൽ കരാർ കത്ത് എന്നാണ്.

i) “കാർഡ്” അല്ലെങ്കിൽ “യെസ് ബാങ്ക് ജി.പി.ആർ. കാർഡ്” അല്ലെങ്കിൽ “പ്രീപെയ്ഡ് ഇൻസ്ട്രുമെന്റ്” (പി.പി.ഐ.) എന്നതുകൊണ്ട് 2017 ഡിസംബർ 29 തീയതിയിലെ മാസ്റ്റർ ഡയറക്ഷൻ ഓൺ ഇഷ്യുവൻസ് ആൻഡ് ഓപ്പറേഷൻ ഓഫ് പ്രീപെയ്ഡ് ഇൻസ്ട്രുമെന്റ്സിൽ നിർവചിച്ചിരിക്കുന്നത് പ്രകാരം അത്തരം ഇൻസ്ട്രുമെന്റുകളിൽ ശേഖരിച്ചിരിക്കുന്ന മൂല്യത്തിന് എതിരായി ഉല്പന്നങ്ങളും ധനകാര്യ സേവനങ്ങൾ, റെമിറ്റൻസ് സൗകര്യങ്ങൾ മുതലായവ ഉൾപ്പെടെയുള്ള സേവനങ്ങളും വാങ്ങുന്നതിന് സൗകര്യമൊരുക്കുന്ന ഒരു പ്രീപെയ്ഡ് ഇൻസ്ട്രുമെന്റും (പി.പി.ഐ.കൾ-കാർഡ്/വാലറ്റ്) പേയ്മെന്റ് ഇൻസ്ട്രുമെന്റുകളും എന്ന് അർത്ഥമാക്കുന്നതാണ്.

j) “ഇ.ഡി.സി.” അഥവാ “ഇലക്ട്രോണിക് ഡാറ്റ ക്യാപ്ചർ” എന്നതിന്റെ അർത്ഥം ഒരു ഇടപാട് ഇനിഷ്യേറ്റ് ചെയ്യുന്നതിനായി ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് സ്വൈപ്പ് ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുന്ന ടെർമിനൽ, പ്രിന്റർ, മറ്റ് പെരിഫറലും അക്സസറിയും ആവശ്യമായ സോഫ്ട്വെയറും എന്നാണ്.

k) “ഇന്റർനെറ്റ് പേയ്മെന്റ് ഗേറ്റ്വേ” എന്നതിന്റെ അർത്ഥം ഉപഭോക്താവ് ഓതന്റിക്കേറ്റ് ചെയ്യുമ്പോൾ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് മുഖേന ഇന്റർനെറ്റ് വഴിയുള്ള പേയ്മെന്റുകൾ അധികാരപ്പെടുത്തിക്കൊണ്ട് യെസ് ബാങ്ക് വ്യവസ്ഥ ചെയ്തിട്ടുള്ള/ വ്യവസ്ഥ ചെയ്യാനിരിക്കുന്ന പ്രോട്ടോകോൾ എന്നാണ്.

l) “കെ.വൈ.സി.” എന്നതുകൊണ്ട് കാലാകാലങ്ങളിൽ ഭാരതീയ റിസർവ് ബാങ്ക് പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദേശങ്ങൾ, സർക്കുലർ, വിജ്ഞാപനങ്ങൾ എന്നിവയ്ക്ക് അനുസൃതമായി, ഉപഭോക്താക്കളെ തിരിച്ചറിയുകയും പരിശോധിക്കുകയും ചെയ്യുക എന്ന ഉദ്ദേശ്യത്തിനായി ബാങ്ക് സ്വീകരിച്ചിരിക്കുന്ന നോ യുവർ കസ്റ്റമർ മാർഗ്ഗനിർദേശങ്ങൾ എന്ന് അർത്ഥമാക്കുന്നതാണ്.

m) “വ്യാപാര സ്ഥാപനങ്ങൾ” എന്നതുകൊണ്ട് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് അല്ലെങ്കിൽ മാസ്റ്റർ കാർഡ് സ്വീകരിക്കുന്ന, ഇന്ത്യയിൽ സ്ഥിതി ചെയ്യുന്ന സ്റ്റോറുകൾ, കടകൾ, റെസ്റ്റോറന്റുകൾ, ഹോട്ടലുകൾ എന്നിവ ഉൾപ്പെടുന്നതും എന്നാൽ അവയിൽ മാത്രമായി പരിമിതപ്പെട്ടിട്ടില്ലാത്തതുമായ ഭൗതിക സ്ഥാപനങ്ങൾ എന്ന് അർത്ഥമാക്കുന്നതാണ്.

n) “പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ” (“പിൻ”) എന്നത് പി.പി.ഐ.യോടൊപ്പം യെസ് ബാങ്ക് ഉപഭോക്താക്കൾക്ക് പ്രദാനം ചെയ്യുന്ന കിറ്റിന്റെ ഭാഗമായുള്ള ഒരു ന്യൂമറിക് പാസ്സ്വേഡാണ്.

o) “പേയ്മെന്റ് ചാനൽ” എന്നതുകൊണ്ട് ഇ.ഡി.സി./ പി.ഒ.എസ് ടെർമിനലുകൾ/കിയോസ്കുകൾ/ ഇന്റർനെറ്റ് പേയ്മെന്റ് ഗേറ്റ്വേ, കൂടാതെ യെസ് ബാങ്ക് കാലാകാലങ്ങളിൽ അറിയിക്കുന്നത് പ്രകാരമുള്ള മറ്റ് വിവിധ മാർഗ്ഗങ്ങൾ ഉൾപ്പെടുന്നതും എന്നാൽ അവയിൽ മാത്രമായി പരിമിതപ്പെട്ടിട്ടില്ലാത്തതുമായ പണമിടപാടുകളുടെ വിവിധ മാർഗ്ഗങ്ങൾ എന്ന് അർത്ഥമാക്കുന്നതാണ്.

p) “പി.ഒ.എസ്.” അഥവാ “പോയിന്റ് ഓഫ് സെയിൽ” എന്നതിന്റെ അർത്ഥം ഉല്പന്നങ്ങളും ധനകാര്യ സേവനങ്ങൾ, റെമിറ്റൻസ് സൗകര്യങ്ങൾ മുതലായവ ഉൾപ്പെടെയുള്ള സേവനങ്ങളും വാങ്ങുന്നതിന്റെ ഉദ്ദേശ്യത്തിനായി ഉപഭോക്താവിന് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കാനാവുന്നതായ ഇന്ത്യയിലുള്ള വ്യാപാര സ്ഥാപനങ്ങൾ പരിപാലിക്കുന്ന ഇലക്ട്രോണിക് ടെർമിനലുകൾ എന്നാണ്.

q) “പ്രോഗ്രാം” എന്നതുകൊണ്ട് ഉപഭോക്താവിന് ജി.പി.ആർ പ്രീപെയ്ഡ് കാർഡ് ഓഫർ ചെയ്യുന്നതിനുള്ള യെസ് ബാങ്ക് പ്രോഗ്രാം എന്ന് അർത്ഥമാക്കുന്നതാണ്.

r) “ഫീസിന്റെ/ചാർജുകളുടെ പട്ടിക” എന്നതുകൊണ്ട് യെസ് ബാങ്ക് കാലാകാലങ്ങളിൽ നിർദേശിക്കുന്നതും കാലാകാലങ്ങളിലുള്ള ഭേദഗതികളോടെ അതിന്റെ വെബ്സൈറ്റിൽ പ്രദർശിപ്പിക്കുന്നതുമായ പ്രകാരമുള്ള ഫീസുകൾ അല്ലെങ്കിൽ ചാർജുകളുടെ വിശദാംശങ്ങൾ എന്ന് അർത്ഥമാക്കുന്നതാണ്.

s) “സ്റ്റേറ്റ്മെന്റ്” എന്നതിന്റെ അർത്ഥം യെസ് ബാങ്കിന്റെ രേഖകളിൽ ലഭ്യമായ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിലൂടെ നടത്തിയ ധനകാര്യ ഇടപാടുകളെ കാണിക്കുന്ന, കാർഡ് അക്കൗണ്ടിൽ ഏതെങ്കിലും ബാലൻസ് ഉണ്ടെങ്കിൽ അതും കൂടി ചേർത്തുള്ള, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഇടപാടിന്റെ ഒരു പ്രതിമാസ സ്റ്റേറ്റ്മെന്റ് എന്നാണ്.

t) “ഇടപാട്” എന്നതിന്റെ അർത്ഥം, ഇന്ത്യയിലുള്ള ഏതെങ്കിലും മാസ്റ്റർ കാർഡ് അഫിലിയേറ്റഡ് വ്യാപാര സ്ഥാപനം, യെസ് ബാങ്ക് എ.ടി.എമ്മുകൾ, മറ്റു ബാങ്കുകളുടെ എ.ടി.എമ്മുകൾ എന്നിവയിൽ അല്ലെങ്കിൽ ഇന്റർനെറ്റിലൂടെയോ ഉപഭോക്താവ് ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ഇനിഷ്യേറ്റ് ചെയ്യുന്ന ഏത് ഇടപാടും എന്നാണ്.

u) “ഇടപാട് പരിധി” എന്നതിന്റെ അർത്ഥം, ഉപഭോക്താവ് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ചതിന്റെ ഫലമായി അതിൽ വരുത്തിയ മൊത്തം ഡെബിറ്റുകൾ കുറച്ച ശേഷം, ഉപഭോക്താവിന് ഇഷ്യു ചെയ്തിട്ടുള്ള ജി.പി.ആർ. പ്രീപെയ്ഡ് കാർഡിലേക്ക് കൈമാറിയിട്ടുള്ള തുകകളേക്കാൾ ഒരു കാരണവശാലും കൂടുതലാകാൻ പാടില്ല എന്നതിനു വിധേയമായി, ഏത് നിശ്ചിത ദിവസത്തിലും അല്ലെങ്കിൽ കാലാകാലങ്ങളിൽ യെസ് ബാങ്ക് നിശ്ചയിച്ചേക്കാവുന്നത് പ്രകാരമുള്ള കാലയളവിലും, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ച് ഉപഭോക്താവിന് വ്യാപാര സ്ഥാപനങ്ങളിൽ അല്ലെങ്കിൽ ഇന്റർനെറ്റിലൂടെ നേരിട്ടോ പരോക്ഷമായോ നടത്താവുന്ന വാങ്ങലുകളുടെ പരമാവധി മൂല്യം എന്ന് അർത്ഥമാക്കുന്നതാണ്.

v) “വെബ്സൈറ്റ്” എന്നതിന്റെ അർത്ഥം www.yesbank.in എന്ന അല്ലങ്കിൽ കാലാകാലങ്ങളിൽ അതിൽ വരുത്തുന്ന പുതുക്കലുകൾ അല്ലെങ്കിൽ ഭേദഗതികളോടെയുള്ള യു.ആർ.എൽ-ഇൽ ലൊക്കേറ്റ് ചെയ്തിരിക്കുന്നതായ, യെസ് ബാങ്ക് സ്വന്തമാക്കിയിട്ടുള്ളതും, സ്ഥാപിച്ചിട്ടുള്ളതും, പരിപാലിക്കുന്നതുമായ വെബ്സൈറ്റ് എന്നാണ്.

w) “യെസ് ബാങ്ക്” എന്നതിന്റെ അർത്ഥം 1956ലെ കമ്പനി നിയമത്തിന്റെ അർത്ഥത്തിനുള്ളിൽ വരുന്ന ഒരു ബാങ്കിംഗ് കമ്പനിയും, 1949ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിന്റെ സെക്ഷൻ 5 (സി)യുടെ അർത്ഥത്തിനുള്ളിൽ വരുന്ന ഒരു ബാങ്കിംഗ് കമ്പനിയും, നെഹ്റു സെന്റർ, 9ആം നില, ഡിസ്കവറി ഓഫ് ഇന്ത്യ, ഡോ. എ. ബി. റോഡ്, വോർളി, മുംബൈ 400 018 എന്ന വിലാസത്തിൽ അതിന്റെ റെജിസ്റ്റേർഡ് ഓഫീസ് ഉള്ളതുമായ യെസ് ബാങ്ക് ലിമിറ്റഡ് എന്നാണ്.

## II. വ്യാഖ്യാനങ്ങൾ

ഈ നിബന്ധനകളിലും വ്യവസ്ഥകളിലും, മറിച്ചൊരു ഉദ്ദേശ്യം പ്രകടമാകുന്നില്ല എങ്കിൽ:

a) ഒരു “ഭേദഗതി”യെ കുറിച്ചുള്ള പരാമർശത്തിൽ ഒരു കൂട്ടിച്ചേർക്കൽ, വ്യത്യാസപ്പെടുത്തൽ, പുതുക്കൽ, പകരംവയ്ക്കൽ അല്ലെങ്കിൽ പുനരവതരണം എന്നിവ ഉൾപ്പെടുന്നതും ഭേദഗതി ചെയ്തത് എന്നതിനെ അതിനനുസൃതമായി വ്യാഖ്യാനിക്കേണ്ടതുമാണ്;

b) ഒരു “അധികാരപ്പെടുത്തൽ” അല്ലെങ്കിൽ “അംഗീകരിക്കൽ” എന്നതിൽ അധികാരപ്പെടുത്തൽ, സമ്മതം, ക്ലിയറൻസ്, അംഗീകാരം, അനുമതി, പ്രമേയം, ലൈസൻസ്, ഒഴിവാക്കൽ, ഫയലിംഗ്, റെജിസ്ട്രേഷൻ എന്നിവ ഉൾപ്പെടുന്നതാണ്.

c) “നിയമം” എന്നതിൽ അപേക്ഷാ ഫോം ഒപ്പിടുന്ന/സമർപ്പിക്കുന്ന തീയതിയിലോ അതിനു ശേഷമോ പ്രാബല്യത്തിലുള്ളതും, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുന്ന പ്രകാരമുള്ളതുമായ ഏത് ഭരണഘടനയും, സ്റ്റാട്യൂട്ടും, നിയമവും, റൂളും, ചട്ടവും, ഓർഡിനൻസും, ന്യായവിധിയും, ഉത്തരവും, ഡിക്രിയും, അധികാരപ്പെടുത്തലും അല്ലെങ്കിൽ നിയമത്തിന്റെ ബലമുള്ള ഏത് പ്രസിദ്ധീകൃത നിർദേശവും, മാർഗ്ഗനിർദേശവും, ആവശ്യകതയും അല്ലെങ്കിൽ സർക്കാർ നിയന്ത്രണവും, അല്ലെങ്കിൽ ഏതെങ്കിലും ജുഡീഷ്യൽ അധികാരി മേൽപറഞ്ഞ ഏതിലും നടത്തിയിട്ടുള്ള ഏതെങ്കിലും തീർപ്പാക്കലും അല്ലെങ്കിൽ വ്യാഖ്യാനവും ഉൾപ്പെടുന്നതാണ്.

d) “ഫോഴ്സ് മെജൂറെ ഈവന്റ്” എന്നതിന്റെ അർത്ഥം ഏതെങ്കിലും അശയവിനിമയങ്ങളുടെ ലഭ്യതയില്ലായ്മ, പ്രക്രിയകളിലെ അല്ലെങ്കിൽ പേയ്മെന്റ് അല്ലെങ്കിൽ ഡെലിവറി മെക്കാനിസത്തിൽ ലംഘനങ്ങളോ വൈറസോ, അട്ടിമറി, അഗ്നിബാധ, പ്രളയം, പൊട്ടിത്തെറി, പ്രകൃതിദുരന്തങ്ങൾ, ആഭ്യന്തര ലഹള, പണിമുടക്കുകൾ അല്ലെങ്കിൽ ഏതെങ്കിലും രീതിയിലുള്ള വ്യാവസായിക നടപടി, കലാപങ്ങൾ, പ്രക്ഷോഭം, യുദ്ധം, സർക്കാർ നടപടികൾ, കമ്പ്യൂട്ടർ ഹാക്കിംഗ്, കമ്പ്യൂട്ടർ ഡാറ്റയിലേക്കും സ്റ്റോറേജ് ഉപകരണങ്ങളിലേക്കുമുള്ള അനധികൃത അക്സസ്സ്, കമ്പ്യൂട്ടർ ക്രാഷുകൾ, കമ്പ്യൂട്ടർ ടെർമിനലിലെ പ്രവർത്തനതകരാറ് അല്ലെങ്കിൽ വിദ്വേഷപരമോ, നശീകരണാത്മകമോ അല്ലെങ്കിൽ തകരാറിലാക്കുന്നതോ ആയ കോഡ് അല്ലെങ്കിൽ പ്രോഗ്രാം മൂലം സിസ്റ്റങ്ങൾ ബാധിക്കപ്പെടന്നത്, മെക്കാനിക്കൽ അല്ലെങ്കിൽ സാങ്കേതിക പിഴവുകൾ/പരാജയങ്ങൾ അല്ലെങ്കിൽ വൈദ്യുതി ഷട്ട് ഡൗൺ, ടെലിക്കമ്മ്യൂണിക്കേഷനിലെ പിഴവുകൾ അല്ലെങ്കിൽ പരാജയങ്ങൾ ഉൾപ്പെടെയുള്ളതും എന്നാൽ അവയിൽ മാത്രം പരിമിതപ്പെട്ടിട്ടില്ലാത്തതുമായ യെസ് ബാങ്കിന്റെ ന്യായമായ നിയന്ത്രണത്തിനു പുറത്തുള്ളതായ ഏത് കാരണത്താലുമുള്ള ഏത് സംഭവവും എന്നാണ്;

e) ഏകവചനത്തിൽ ബഹുവചനവും, കൂടാതെ മറിച്ചും ഉൾപ്പെടുന്നതാണ്;

f) ഈ നിബന്ധനകളും വ്യവസ്ഥകളിലും ശീർഷകങ്ങൾ ചേർത്തിട്ടുള്ളത് റെഫറൻസിന്റെ സൗകര്യത്തിനായി മാത്രമാണ്.

g) “ഉൾപ്പെടുന്നു” അല്ലെങ്കിൽ “ഉൾപ്പെടെയുള്ള” എന്നീ പദങ്ങൾ സൂചിപ്പിച്ചിട്ടുള്ളത് പരിമിതി കൂടാതെ വ്യാഖ്യാനിക്കേണ്ടതാണ്;

h) ഒരു ലിംഗപദവിയെ കുറിക്കുന്ന പരാമർശത്തിൽ സ്ത്രീലിംഗവും പുല്ലിംഗവും നപുംസകലിംഗവും ഉൾപ്പെടുന്നതാണ്;

i) യെസ് ബാങ്കിൽ നിന്നും ആവശ്യമായ എല്ലാ അംഗീകാരങ്ങൾക്കും, അനുമതികൾക്കും, സമ്മതങ്ങൾക്കും, സ്വീകാര്യതകൾക്കും, യെസ് ബാങ്കിന്റെ രേഖാമൂലമുള്ള മുൻകൂർ അംഗീകാരം, അനുമതി, സമ്മതം അല്ലെങ്കിൽ സ്വീകാര്യത ആവശ്യമാണ്;

j) ഏതെങ്കിലും സംഭവം, സംഭവിക്കൽ, സാഹചര്യം, മാറ്റം, വസ്തുത, വിവരം, പ്രമാണം, അധികാരപ്പെടുത്തൽ, നടപടി, പ്രവൃത്തി, ഒഴിവാക്കൽ, അവകാശവാദങ്ങൾ, ലംഘനം, വീഴ്ച്ച ഉൾപ്പെടെയുള്ള അല്ലെങ്കിൽ മറ്റുവിധത്തിലുള്ള ഏത് സംഗതിയുടെയും വസ്തുനിഷ്ഠതയെ സംബന്ധിച്ച് ഉപഭോക്താവും യെസ് ബാങ്കും തമ്മിൽ ഏതെങ്കിലും വിയോജിപ്പോ തർക്കമോ ഉണ്ടാകുന്നപക്ഷം, മേൽപറഞ്ഞിട്ടുള്ള ഏതിന്റെയും വസ്തുനിഷ്ഠതയെ സംബന്ധിച്ച് യെസ് ബാങ്കിന്റെ അഭിപ്രായം അന്തിമമായിരിക്കുന്നതും അത് ഉപഭോക്താവിന് ബാധകമായിരിക്കുന്നതുമാണ്.

## III. നിബന്ധനങ്ങളുടെയും വ്യവസ്ഥകളുടെയും പ്രയോഗം:

a) പൊതു നിബന്ധനകളും വ്യവസ്ഥകളോടും ഒപ്പം ഈ വ്യവസ്ഥകളും നിബന്ധനകളും സഞ്ചിതമായി ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ ഉപയോഗത്തെ സംബന്ധിച്ച് ഉപഭോക്താവും യെസ് ബാങ്കും തമ്മിലുള്ള മൊത്തം കരാറായി രൂപപ്പെടുന്നതാണ്.

b) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ്, യെസ് ബാങ്ക് കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന യോഗ്യതാ മാനദണ്ഡം സഫലീകരക്കുന്നതിനു വിധേയമായി യെസ് ബാങ്ക് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഇഷ്യു ചെയ്യുന്നതാണ്.

c) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് മറ്റ് വ്യക്തികൾക്കോ കക്ഷികൾക്കോ കൈമാറാൻ പാടുള്ളതല്ല.

d) ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ അപ്ലോഡ് ചെയ്യാവുന്ന പരമാവധി ക്രെഡിറ്റ് ബാലൻസ് 50,000/- (അമ്പതിനായിരം മാത്രം) രൂപയായി പരിമിതപ്പെടുത്തുന്നതാണ്.

e) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഇന്ത്യൻ ഭൂപ്രദേശത്തിനുള്ളിലും ഇന്ത്യ രൂപയിലുള്ള ഇടപാടുകൾക്കും മാത്രം സാധുവായിരിക്കുന്നതാണ്. ജി.പി.ആർ. കാർഡ് ഇന്ത്യൻ ഭൂപ്രദേശത്തിനു പുറത്തോ വിദേശ കറൺസിയിൽ വിനിമയം ചെയ്യപ്പെടുന്ന ഏതെങ്കിലും ഇടപാടുകൾക്കോ ഉപയോഗിക്കാനാവില്ല.

f) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് യെസ് ബാങ്കിന്റെ സവിശേഷമായ വസ്തു ആയിരിക്കും.

g) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് കൈപ്പറ്റിയ ഉടനെ തന്നെ അതിന്റെ പിൻഭാഗത്ത് ഉപഭോക്താവ് ഒപ്പിടേണ്ടത് ആവശ്യമാണ്. ഒപ്പിന്റെ അഭാവത്തിൽ അല്ലെങ്കിൽ ഒപ്പിൽ പൊരുത്തക്കേടുണ്ടെങ്കിൽ, ഉപഭോക്താവിന് കൂടതൽ അറിയിപ്പൊന്നും നല്കാതെ തന്നെ ഏത് ഇടപാടും നിരാകരിക്കുന്നതിനുള്ള അല്ലെങ്കിൽ റദ്ദാക്കുന്നതിനുള്ള അവകാശം യെസ് ബാങ്കിൽ നിക്ഷിപ്തമായിരിക്കും.

h) ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ നിഷ്കർഷിച്ചിട്ടുള്ള ക്രെഡിറ്റ് പരിധിക്കുള്ളിൽ നിന്നുകൊണ്ട് പണം പിൻവലിക്കുന്നതിനായി ഉപഭോക്താവിന് ഓട്ടോമേറ്റഡ് ടെല്ലർ മെഷീനുകളിൽ (എ.ടി.എമ്മുകൾ) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കാവുന്നതാണ്.

i) ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ നിലനിർത്തിയിരിക്കുന്ന ഒരു ബാലൻസിനും ഒരു സമയത്തും ഒരു പലിശയും നല്കുന്നതിന് യെസ് ബാങ്കിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല.

j) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് കാലഹരണപ്പെടുന്നതിനു 45 ദിവസങ്ങൾക്കു മുമ്പ് ഉപഭോക്താവിന്റെ റെജിസ്റ്റേർഡ് മൊബൈൽ നമ്പറിലേക്ക് എസ്.എം.എസ്. അയച്ചുകൊണ്ട് യെസ് ബാങ്ക് ഉപഭോക്താവിനെ അറിയിക്കുന്നതാണ് അഥവാ വിവരം നല്കുന്നതാണ്. ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് കാലഹരണപ്പെടുന്നതിനു മുമ്പ് ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ലഭ്യമായിട്ടുള്ള മുഴുവൻ ക്രെഡിറ്റ് ബാലൻസും ഉപഭോക്താവ് ഉപയോഗപ്പെടുത്തേണ്ടത് ആവശ്യമാണ്. സാധുതാ കാലാവധിക്കുള്ളിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ലഭ്യമായിട്ടുള്ള ക്രെഡിറ്റ് ബാലൻസ് ഉപഭോക്താവ് വിനിയോഗിച്ചില്ല എങ്കിൽ, ബാക്കിനിൽക്കുന്ന ബാലൻസ് യെസ് ബാങ്കിൽ നിലനിർത്തിയിരിക്കുന്ന അക്കൗണ്ടിലേക്ക് അല്ലെങ്കിൽ മറ്റെതെങ്കിലും ബാങ്കിൽ ഉപഭോക്താവിനുള്ള അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യുന്നതിനായി/ ട്രാൻസ്ഫർ ചെയ്യുന്നതിനായി ഉപഭോക്താവിന് യെസ് ബാങ്കിനെ സമീപിക്കാവുന്നതാണ്. നിശ്ചിക കാലാവധിയ്ക്കുള്ളിൽ ഉപഭോക്താവ് യെസ് ബാങ്കിനെ സമീപിക്കുന്നില്ല എങ്കിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ലഭ്യമായിട്ടുള്ള ബാക്കിനിൽക്കുന്ന ബാലൻസ് റെഗുലേറ്ററി മാർഗ്ഗനിർദേശങ്ങൾ അനുവർത്തിച്ചുകൊണ്ട് ഒരു നിധിയിലേക്ക് കൈമാറുന്നതാണ്.

## IV. കാർഡിന്റെ ഇഷ്യുവൻസും ഉപയോഗവും

a) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപഭോക്താവിന് അല്ലെങ്കിൽ ഉപഭോക്താവിന്(ക്കൾക്ക്) അത് വിതരണം ചെയ്യുന്ന എന്റിറ്റിക്ക് ഡെലിവർ ചെയ്യുന്നതിനും കൈമാറുന്നതിനും യെസ് ബാങ്കിനെ ഉപഭോക്താവ് നിരുപാധികമായും പിൻവലിക്കാനാവാത്തവിധവും അധികാരപ്പെടുത്തുന്നു. ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപഭോക്താവിന് ഡെലിവർ ചെയ്യുന്നതുമായി ബന്ധപ്പെട്ട് എന്റിറ്റിയുടെ ഭാഗത്തു നിന്നുള്ള ഏതെങ്കിലും പ്രവൃത്തികൾക്കോ പിഴവുകൾക്കോ യെസ് ബാങ്കിന് ബാദ്ധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുന്നതല്ല.

b) ഉപഭോക്താവിന് മുൻകൂട്ടിയുള്ള ഒരറിയിപ്പും നല്കാതെ തന്നെ, ഏത് കാരണത്താലും ഏത് സമയത്തും ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ സ്വീകാര്യത നിരസിക്കാനുള്ള അവകാശം യെസ് ബാങ്കിലും വ്യാപാര സ്ഥാപനങ്ങളിലും നിക്ഷിപ്തമായിരിക്കും.

c) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് സത്യസന്ധമായ വ്യക്തിപരമോ അല്ലെങ്കിൽ ഔദ്യോഗികമോ ആയ് ഉദ്ദേശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ. ചില വ്യാപാര സ്ഥാപനങ്ങളുടെ കാര്യത്തിൽ ചുമത്തപ്പെടുന്ന ചാർജുകളിൽ ചില അധിക സർവീസുകൾ അല്ലെങ്കിൽ അത്തരം വ്യാപാര സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന മറ്റ് സൗകര്യങ്ങൾക്കുള്ള ഒരു ചാർജും ഉൾപ്പെടുന്നതാണ്.

d) വ്യാപാര സ്ഥാപനത്തിൽ നടത്തപ്പെടുന്ന ഓരോ ഇടപാടിനും ജനറേറ്റ് ചെയ്യപ്പെടുന്ന എല്ലാ ചാർജ് സ്ലിപ്പുകളിലും ഉപഭോക്താവ് ഒപ്പിടേണ്ടതും അത് സൂക്ഷിച്ചുവയ്ക്കേണ്ടതുമാണ്. ഉപഭോക്താവിന് ചാർജ് സ്ലിപ്പുകളുടെയോ ട്രാൻസാക്ഷൻ സ്ലിപ്പുകളുടെയോ പകർപ്പുകൾ നല്കുന്നതിന് യെസ് ബാങ്കിന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതല്ല. ഉപഭോക്താവിന്റെ ഭാഗത്തു നിന്നുള്ള അത്തരത്തിലുള്ള ഏത് അപേക്ഷയും യെസ് ബാങ്കിന്റെ സ്വന്തം വിവേചനത്തിലായിരിക്കുന്നതും, ഇടപാടിന്റെ തീയതി മുതൽ നാല്പത്തിയഞ്ച് (45) ദിവസങ്ങൾക്കുള്ളിൽ ഉപഭോക്താവ് നടത്തിയിരിക്കേണ്ടതുമാണ്. ചാർജ് സ്ലിപ്പുകളുടെയോ ട്രാൻസാക്ഷൻ സ്ലിപ്പുകളുടെയോ പകർപ്പുകൾ നല്കുന്നതിന് അധിക വില അല്ലെങ്കിൽ ചാർജ് ഈടാക്കുന്നതിന് യെസ് ബാങ്കിന് അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

e) ഏതെങ്കിലും ഇടപാടുമായുള്ള ബന്ധത്തിൽ വ്യാപാര സ്ഥാപനം ചുമത്തുന്ന ഏത് ചാർജും വിലയും ഉപഭോക്താവ് വ്യാപാര സ്ഥാപനവുമായി നേരിട്ട് തീർപ്പാക്കേണ്ടതാണ്. മാസ്റ്റർ മെർച്ചന്റിന്റെ ഭാഗത്തു

നിന്നുള്ള ഏതെങ്കിലും പ്രവൃത്തികൾക്കോ പിഴവുകൽക്കോ അല്ലെങ്കിൽ ഇടപാടുമായുള്ള ബന്ധത്തിൽ ചുമത്തുന്ന ചാർജുകൾക്കോ വിലയ്ക്കോ ഒന്നുകിൽ നേരിട്ടോ അല്ലെങ്കിൽ പരോക്ഷമായോ യെസ് ബാങ്കിന് ബാദ്ധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുന്നതല്ല.

f) ഉപകരണത്തിന്റെയോ ആശയവിനിമയ ബന്ധത്തിന്റെയോ പിഴവു കാരണമായി ഏതെങ്കിലും വ്യാപാര സ്ഥാപനങ്ങൾക്ക് ഡ്യൂ ആയിട്ടുള്ള എല്ലാ റീഫണ്ടുകളും ക്രമപ്പെടുത്തലുകളും മാനുവലായി പ്രോസസ്സ് ചെയ്യുന്നതും, ബാധകമായ നിയമങ്ങൾക്കും ചട്ടത്തിനും യെസ് ബാങ്കിന്റെ ആന്തരിക നയങ്ങൾക്കും അനുസൃതമായി യെസ് ബാങ്ക് നടത്തുന്ന ശരിയായ രീതിയിലുള്ള പരിശോധയ്ക്കു ശേഷം കാർഡ് അക്കൗണ്ട് ക്രെഡിറ്റ് ചെയ്യുന്നതാണ്. തുടർന്നുള്ള ഏത് ഇടപാടുകളും, യെസ് ബാങ്കിന്റെ പരിഗണനയിലിരിക്കുന്ന തർക്കമുള്ള തുക കണക്കിലെടുക്കാതെ കാർഡ് അക്കൗണ്ടിൽ(കളിൽ) ലഭ്യമായ ക്രെഡിറ്റ് ബാലൻസിന്റെ അടിസ്ഥാനത്തിൽ മാത്രമേ സ്വീകരിക്കുയോ മാനിക്കുകയോ ചെയ്യുകയ്യൂള്ളൂ എന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. കാർഡ് അക്കൗണ്ടിൽ പര്യാപ്തമായ ഫണ്ടില്ല എന്ന കാരണത്താൽ പേയ്മെന്റ് നിർദേശങ്ങൾ മാനിക്കപ്പെടാതോ പോകുന്നതിന്റെ കണക്കിൽ യെസ് ബാങ്കിനുണ്ടാകുന്ന ഏത് നഷ്ടത്തിനും അല്ലെങ്കിൽ തകരാറിനും എതിരായുള്ള നഷ്ടോത്തരവാദിത്തത്തിൽ നിന്ന് നിരുപാധികമായി യെസ് ബാങ്കിനെ ഉപഭോക്താവ് മുക്തമാക്കുന്നതാണ്. യെസ് ബാങ്കിനുണ്ടാകുന്ന അത്തരം നഷ്ടത്തിന്റെ അല്ലെങ്കിൽ തകരാറിന്റെ തുക കാർഡ് അക്കൗണ്ടിൽ നിന്നും നേരിട്ട് കുറവു ചെയ്യുന്നതിന് യെസ് ബാങ്കിന് അവകാശം ഉണ്ടായിരിക്കുന്നതാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

g) മറ്റേതെങ്കിലും പേയ്മെന്റ് ഇൻസ്ട്രുമെന്റ് ഉപയോഗിച്ച് ഉപഭോക്താവ് നടത്തിയ പരാജയപ്പെട്ട, മടങ്ങിയ, നിരാകരിക്കപ്പെട്ട അല്ലെങ്കിൽ റദ്ദാക്കപ്പെട്ട ഇടപാടുകൾ ഉണ്ടാവുകയാണെങ്കിൽ എല്ലാ റീഫണ്ടുകളും ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ക്രെഡിറ്റ് ചെയ്യാനാവില്ല എന്ന് ഉപഭോക്താവ് അംഗീകരിക്കുന്നു.

h) ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായുള്ള ബന്ധത്തിലുള്ള എല്ലാ ഇടപാടുകളുമായി ബന്ധപ്പെട്ടും എല്ലാ സമയത്തും ഉത്തമ വിശ്വാസത്തിൽ പ്രവർത്തിക്കുന്നതാണെന്ന് കാർഡ് അംഗം ഉറപ്പുനല്കുന്നു. ഇതിൽ അടങ്ങിയിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിരുദ്ധമായുള്ള ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ ഏതെങ്കിലും നിയമവിരുദ്ധമായ അല്ലെങ്കിൽ തെറ്റായ ഉപയോഗത്തിന്റെ പൂർണ്ണ ഉത്തരവാദിത്തവും ഉപഭോക്താവ് ഏറ്റെടുക്കുകയും, ഇതിൽ അടങ്ങിയിരിക്കുന്ന നിബന്ധനകളുടെയും വ്യവസ്ഥകളുടെയുംേതെ നഷ്ടത്തിനും, തകരാറിനും, പലിശയ്ക്കും, പരിവർത്തനത്തിനും, മറ്റേതു സാമ്പത്തിക ചാർജിനും എതി ഏതെങ്കിലും ലംഘനം ഉപഭോക്താവ് നടത്തുന്നതു മൂലം നേരിട്ടോ പരോക്ഷമായോ യെസ് ബാങ്കിനു വരുന്ന നഷ്ടോത്തരവാദിത്തത്തിൽ നിന്ന് യെസ് ബാങ്കിെ മുക്തമാക്കുന്നതാണെന്നും ഉപഭോക്താവ് ഉറപ്പുനല്കുകയം സമ്മതിക്കുകയും ചെയ്യുന്നു.

i) ബാധകമായ നിയമങ്ങൾക്കു കീഴിൽ നിയമവിരുദ്ധമായ ഏതെങ്കിലും ഉല്പന്നങ്ങൾക്കോ സേവനങ്ങൾക്കോ നടത്തുന്ന പേയ്മെന്റ്(കൾ)ക്ക് ജി.പി.ആർ പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കുന്നതല്ല എന്ന് ഉപഭോക്താവ് സമ്മതിക്കുന്നു. നിരോധിക്കപ്പെട്ടതോ വിലക്കിയിട്ടുള്ളതോ ആയ ഉല്പന്നങ്ങളോ സേവനങ്ങളോ, ഉദാ. ലോട്ടറി ടിക്കറ്റുകൾ, നിരോധിച്ച പ്രസിദ്ധീകരണങ്ങൾ, സ്വീപ്സ്റ്റേക്കുകളിലെ പങ്കെടുക്കൽ, ബിറ്റ്കോയിനുകൾ വാങ്ങൽ, കോൾ ബാക്ക് സേവനങ്ങൾക്കുള്ള പേയ്മെന്റ് മുതലായവ, വാങ്ങുന്നതിനായി ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കാനാവില്ല.

j)

k) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് 50,000.00 (അമ്പതിനായിരം) രൂപയിൽ കൂടുതലായ ഒരു തുകയ്ക്കായി യെസ് ബാങ്കിന് ലോഡ് ചെയ്യാനോ റീലോഡ് ചെയ്യാനോ ആവില്ല എന്ന് ഉപഭോക്താവ് ഇതിനാൽ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

l) ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ സാധുതയ്ക്കു വിധേയമായി, ഒരു (1) വർഷത്തെ തുടർച്ചയായ ഒരു കാലയളവിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ഒരു ഇടപാടും ഇല്ല എങ്കിൽ, യെസ് ബാങ്ക് ഉപഭോക്താവിന് ഒരു നോട്ടീസ് അയച്ചതിനു ശേഷം ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് നിർജീവമാക്കുന്നതാണെന്ന് ഉപഭോക്താവ് ഇതിനാൽ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. യെസ് ബാങ്ക് കാലാകാലങ്ങളിൽ നിഷ്കർഷിക്കുന്ന പ്രകാരമുള്ള സാധൂകരണങ്ങൾക്കും ആവശ്യമായ കൃത്യമായ ശ്രദ്ധയ്ക്കും ശേഷം മാത്രമേ യെസ് ബാങ്കിന് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് വീണ്ടും സജീവമാക്കാനാവൂ

m) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ച് നടത്തുന്ന എല്ലാ ഇടപാടുകൾക്കും യെസ് ബാങ്കിൽ നിന്നും എസ്.എം.എസ്. അല്ലെങ്കിൽ മെയിലിംഗ് അലേർട്ടുകൾ സ്വീകരിക്കുന്നതിന് ഉപഭോക്താവ് ഇതിനാൽ സമ്മതിക്കുന്നു. യെസ് ബാങ്കിൽ നിന്നുള്ള എസ്.എം.എസ്. അല്ലെങ്കിൽ മെയിലിംഗ് അലേർട്ടുകളിൽ ഡെബിറ്റ്, ക്രെഡിറ്റ് ഇടപാടുകൾ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ലഭ്യമായിട്ടുള്ള അല്ലെങ്കിൽ ശേഷിക്കുന്ന ബാലൻസ്, അല്ലെങ്കിൽ കാലാകാലങ്ങളിൽ യെസ് ബാങ്ക് നിഷ്കർഷിക്കുന്ന മറ്റ് വിവരങ്ങൾ അല്ലെങ്കിൽ വിശദാംശങ്ങൾ എന്നിവ വ്യക്തമാക്കുന്നതാണ്.

n) പേഴ്സണൽ ഐഡന്റിഫിക്കേഷൻ നമ്പർ (പിൻ) ഒരു സഹാചര്യത്തിലും ഉപഭോക്താവ് ഏതെങ്കിലും ബന്ധുവിനോ, കുടുംബ അംഗങ്ങൾക്കോ അല്ലെങ്കിൽ മൂന്നാം കക്ഷിക്കോ വെളിപ്പെടുത്താൻ പാടില്ല എന്ന് ഉപഭോക്താവ് സമ്മതിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള പിൻ.ന്റെ അനധികൃത വെളിപ്പെടുത്തൽ  കൂടാതെ/അല്ലെങ്കിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ അനധികൃത ഉപയോഗത്തിൽ നിന്നും ഉരുത്തിരിയുന്ന പ്രത്യാഘാതങ്ങൾക്ക് ഉപഭോക്താവിനു മാത്രമായിരിക്കും ഉത്തരവാദിത്തവും ബാദ്ധ്യതയും. ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ അനധികൃത ഉപയോഗത്തിൽ നിന്ന് ഉരുത്തിരിയുന്നതോ അല്ലെങ്കിൽ അതുമായി ബന്ധപ്പെട്ടോ കൂടാതെ /അല്ലെങ്കിൽ അത്തരം ദുരുപയോഗത്തിന്റെ ഫലമായി യെസ് ബാങ്കിന് നേരിട്ടോ അല്ലെങ്കിൽ പരോക്ഷമായോ ഉണ്ടാകുന്ന ഏതെങ്കിലും നഷ്ടത്തിനോ തകരാറിനോ യെസ് ബാങ്കിന്റെ എല്ലാ ഉത്തരവാദിത്തവും ബാദ്ധ്യതയും ഉപഭോക്താവ് നിരാകരിക്കുന്നു. ഉപഭോക്താവ് പിൻ മറക്കുകയോ സ്ഥാനംതെറ്റി വയ്ക്കുകയോ ചെയ്യുകയാണെങ്കിൽ, ഉപഭോക്താവ് ഒരു പുതിയ പിൻ ലഭിക്കുന്നതിനായി ഉടനടി തന്നെ രേഖാമൂലമുള്ള ഒരു അപേക്ഷ നല്കുകയോ ഉപഭോക്തൃ സേവന കേന്ദ്രവുമായി ബന്ധപ്പെടുകയോ ചെയ്യണം. പുതിയ പിൻ യെസ് ബാങ്കിന് നല്കിയിട്ടുള്ള അല്ലെങ്കിൽ ലഭ്യമായിട്ടുള്ള ഉപഭോക്താവിന്റെ റെജിസ്റ്റേർഡ് ഇമെയിൽ വിലാസത്തിലേക്ക് അയച്ചുകൊടുക്കുന്നതാണ്.

o) യെസ് ബാങ്ക് അതിന്റെ സേവനങ്ങളുമായി ബന്ധപ്പട്ട് ആവശ്യമായ നിബന്ധനകളിന്മേൽ ബാഹ്യ സേവന ദാതാവിന്റെ/കളുടെ അല്ലെങ്കിൽ ഏജന്റിന്റെ/ന്റുമാരുടെ സേവനങ്ങൾ വിനിയോഗിച്ചേക്കാവുന്നതാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

p) യെസ് ബാങ്ക് കാലാകാലങ്ങളിൽ അതിന്റെ വെബ്സൈറ്റിൽ അപ്ലോഡ് ചെയ്യുന്ന ആവർത്തിച്ച് ഉന്നയിക്കുന്ന ചോദ്യങ്ങളിലേക്ക് (“FAQ”) ഉപഭോക്താവിന് പ്രാപ്യത ഉണ്ടായിരിക്കുന്നതാണ്.

## V. ലംഘനം

a) ഉപഭോക്താവ് ഈ നിബന്ധനകളും വ്യവസ്ഥകളും ഏതെങ്കിലും ലംഘിക്കുകയാണെങ്കിൽ, യെസ് ബാങ്കിനു മേൽ കൂടുതൽ എന്തെങ്കിലും അവകാശവാദമോ, ആവശ്യമോ അല്ലെങ്കിൽ തർക്കമോ കൂടാതെ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉടനടി റദ്ദാക്കാനോ അവസാനിപ്പിക്കാനോ യെസ് ബാങ്കിന് പൂർണ്ണമായ അവകാശം ഉണ്ടായിരിക്കുന്നതാണ്.

b) ഉപഭോക്താവ് ഇതിൽ അടങ്ങിയിരിക്കുന്ന ഈ നിബന്ധനകളും വ്യവസ്ഥകളും ഏതെങ്കിലും ലംഘിക്കുന്നതിന്റെ ഫലമായി *നേരിട്ടോ പരോക്ഷമായോ* യെസ് ബാങ്കിന് ഉണ്ടാകുന്ന ചെലവ്

കൂടാതെ/അല്ലെങ്കിൽ സഹിക്കേണ്ടി വരുന്ന ഏത് നഷ്ടം, തകരാറ്, അവകാശവാദം, പിഴ, വില, ചാർജുകൾ അല്ലെങ്കിൽ ചെലവുകൾ (*ലീഗൽ കൗൺസൽ ഫീസ് ഉൾപ്പെടെ*) എന്നിവയ്ക്കെതിരെ യെസ് ബാങ്കിനുണ്ടാകുന്ന നഷ്ടങ്ങളുടെ ഉത്തരവാദിത്തം ഏറ്റെടുക്കുന്നതാണെന്ന് ഉപഭോക്താവ് ഉറപ്പുനല്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

## VI. കാലാവധിയും അവസാനിപ്പിക്കലും

(a) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് പ്രിന്റ് ചെയ്യുന്ന തീയതി മുതൽ മൂന്ന് (3) വർഷത്തേക്ക് അല്ലെങ്കിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ മുൻഭാഗത്ത് പ്രിന്റ് ചെയ്തിരിക്കുന്ന കാലഹരണത്തീയതി വരെ സാധുവായിരിക്കുന്നതാണ്.

(b) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് കാലഹരണപ്പെടുമ്പോൾ ഏതെങ്കിലും മൂന്നാം കക്ഷി അത് ഉപയോഗിക്കുന്നത് തടയുന്നതിനായി അത് നശിപ്പിക്കാമെന്ന് ഉപഭോക്താവ് സമ്മതിക്കുകയും ഉറപ്പുനല്കുകയും ചെയ്യുന്നു.

(c) ഉപഭോക്താവിന് ഏത് സമയത്തും, യെസ് ബാങ്കിന് മുപ്പത് (3) ദിവസത്തെ ഒരു നോട്ടീസ് മുൻകൂർ രേഖാമൂള നോട്ടീസ് നല്കി ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ അവസാനിപ്പിക്കലിന് അപേക്ഷിക്കാവുന്നാണ്. ഇത് ഉടനടി പ്രാബല്യത്തോടെ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് അവസാനിപ്പിക്കുന്നതായ കൂടാതെ/അല്ലെങ്കിൽ റദ്ദാക്കുന്നതായ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഹോട്ട്ലിസ്റ്റ് ചെയ്യുന്നതിന് അല്ലെങ്കിൽ ബ്ലോക്ക് ചെയ്യുന്നതിന് ഉപഭോക്താവ് നടത്തുന്ന അപേക്ഷകളുടെ കാര്യത്തിൽ ഒഴികെയാണ്.

(d) ഹോളോഗ്രാമും മാഗ്നറ്റിക് സ്ട്രിപ്പും മുറിക്കുകയും നശിപ്പിക്കുകയും ചെയ്തു എന്ന് ഉറപ്പാക്കിക്കൊണ്ട് ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ മുകളിൽ വലതുഭാഗത്തെ മൂല മുറിച്ച് വികൃതമാക്കുന്ന് വരെ അല്ലെങ്കിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് യെസ് ബാങ്കിന് ലഭിക്കുന്നത് വരെ ഇത്തരം നോട്ടീസ് പ്രാബല്യത്തിലാകുന്നതല്ല എന്ന് ഉപഭോക്താവ് മനസ്സിലാക്കുന്നു. ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപഭോക്താവ് നശിപ്പിച്ചാലും നശിപ്പിച്ചതായി അവകാശപ്പെട്ടാലും, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ അവസാനിപ്പിക്കലിനു മുമ്പ് ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ചെലവാക്കപ്പെടുന്ന ഏത് ചാർജുകൾക്കും ഉപഭോക്താവിന് തുടർന്നും ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

(e) ചുവടെ പറയുന്ന സാഹചര്യങ്ങളിൽ യെസ് ബാങ്ക് അതിന്റെ പൂർണ്ണ വിവേചനത്തിൽ ജി .ആർ.പി. പ്രീപെയ്ഡ് കാർഡ്അവസാനിപ്പിച്ചേക്കാം

i. ഉപഭോക്താവിനെ പാപ്പരായി പ്രഖ്യാപിക്കുകയാണെങ്കിൽ അല്ലെങ്കിൽ ഉപഭോക്താവിന്റെ മരണം സംഭവിക്കുകയാണെങ്കിൽ

ii. ഈ “നിബന്ധനകളും വ്യവസ്ഥകൾക്കും” കീഴിലുള്ള ഏതെങ്കിലും നിബന്ധനകളോ വ്യവസ്ഥകളോ നിഷ്കർഷകളോ അല്ലെങ്കിൽ അതിന്റെ ബാദ്ധ്യതകളോ ഉപഭോക്താവ് ലംഘിക്കുകയാണെങ്കിൽ.

iii. അധികാരമുള്ള ഒരു കോടതിയുടെ ഉത്തരവ് മൂലമോ ഇന്ത്യയിലെ ഏതെങ്കിലും റെഗുലേറ്റർ അല്ലെങ്കിൽ സ്റ്റാട്യൂട്ടറി അധികാരി അല്ലെങ്കിൽ ഏതെങ്കിലും അന്വേഷണ ഏജൻസി

പുറപ്പെടുവിച്ചിരിക്കുന്ന ഉത്തരവ് മൂലമോ ഉപഭോക്താവിനു മേൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ.

iv. ബാധകമായി നിയമങ്ങൾ, ചട്ടങ്ങൾ, മാർഗ്ഗനിർദേശങ്ങൾ അല്ലെങ്കിൽ സർക്കുലറിനു കീഴിൽ ജി പ്രോഗ്രാം നിയമവിരുദ്ധമാകുന്ന സാഹചര്യത്തിൽപ്രീപെയ്ഡ് കാർഡ് .ആർ.പി.

v. ജി പ്രോഗ്രാം മൊത്തത്തിൽപ്രീപെയ്ഡ് കാർഡ് .ആർ.പി. അവസാനിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ.

(f) യെസ് ബാങ്ക്, അതിന്റെ സ്വന്തം വിവേചനത്തിൽ, ഏത് സമയത്തും ഒരറിയിപ്പും നല്കാതെ അല്ലെങ്കിൽ അതിനുള്ള ഒരു കാരണവും നല്കാതെ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിലുള്ള ആനകൂല്യങ്ങൾ ഒന്നുകിൽ താല്ക്കാലികമായി അല്ലെങ്കിൽ സ്ഥിരമായി, പിൻവലിക്കുന്നതിന് കൂടാതെ/അല്ലെങ്കിൽ അവസാനിപ്പിക്കുന്നതിനുള്ള അവകാശം നിക്ഷിപ്തമാക്കുന്നതാണ്. താല്ക്കാലിക പിൻവലിക്കലിന്റെ സാഹചര്യത്തിൽ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെടുത്തിയിട്ടുള്ള ആനകൂല്യങ്ങൾ, യെസ് ബാങ്ക് അതിന്റെ പൂർണ്ണ വിവേചനത്തിൽ പുനസ്ഥാപിച്ചേക്കാവുന്നതാണ്. സ്ഥിരമായ പിൻവലിക്കലിന്റെ സാഹചര്യത്തിൽ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് സ്ഥിരമായി പിൻവലിക്കുന്നതിന് യെസ് ബാങ്കിന് അവകാശമുണ്ടായിരിക്കുന്നതാണ്. എന്നിരുന്നാലും, പിൻവലിക്കൽ (താല്ക്കാലികമായത് അല്ലെങ്കിൽ സ്ഥിരമായത്) ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെട്ട എല്ലാ ആനുകൂല്യങ്ങളും, സവിശേഷാവകാശങ്ങളും, സേവനങ്ങളും സ്വമേധയാൽ തന്നെ പിൻവലിക്ക്പ്പെടുന്നതിനെ കുറിക്കുന്നതാണ്. യെസ് ബാങ്ക് മറ്റുവിധത്തിൽ വ്യക്തമാക്കിയിട്ടില്ലെങ്കിൽ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് താല്ക്കാലികമായോ അല്ലെങ്കിൽ സ്ഥിരമായോ പിൻവലിക്കുകയാണെങ്കിൽ, അത്തരം പിൻവലിക്കലിനു മുമ്പ് പ്രീപെയ്ഡ് കാർഡിൽ ചുമത്തപ്പെട്ട എല്ലാ ചാർജുകളുടെയും അതോടൊപ്പം അതിന്മേലുള്ള ബാധകമായ മറ്റു ചാർജുകളും ചാർജുകളുടെയും പൂർണ്ണമായ ബാദ്ധ്യത തുടർന്നും ഉപഭോക്താവിനു മേൽ തന്നെയായിരിക്കുന്നതാണ് ഉപഭോക്താവ് സമ്മതിക്കുന്നു.

(g) യെസ് ബാങ്ക് താല്ക്കാലികമായോ അല്ലെങ്കിൽ സ്ഥിരമായോ സവിശേഷാവകാശങ്ങൾ പിൻവലിക്കുകയോ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് അവസാനിപ്പിക്കുകയോ ചെയ്യുകയാണെങ്കിൽ, കൃത്യമായി ഉപഭോക്താവിനെ അറിയിക്കുന്നതിനുള്ള എല്ലാ ശ്രമങ്ങളും യെസ് ബാങ്ക് നടത്തുന്നതാണ്. അത്തരം അറിയിപ്പ് കൈപ്പറ്റുന്നതിൽ ഉണ്ടാകുന്ന കാലവിളംബങ്ങൾക്ക് യെസ് ബാങ്കിനു ബാദ്ധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുന്നതല്ല.

(h) മേൽപ്രസ്താവിച്ചതു പോലെ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് അവസാനിപ്പിക്കപ്പെടുമ്പോൾ, കാർഡ് അക്കൗണ്ടിൽ കിടക്കുന്ന ഏതെങ്കിലും ബാലൻസ് തുക ഉണ്ടെങ്കിൽ, ബാധകമായ ചാർജുകളുടെ പേയ്മെന്റിനു വിധേയമായി, ഉപഭോക്താവിൽ നിന്ന് രേഖാമൂലമുള്ള അപേക്ഷ കൈപ്പറ്റുമ്പോൾ, ഉപഭോക്താവിന്റെ പേരിൽ എടുത്ത പേ ഓർഡർ/ ഡിമാൻഡ് ഡ്രാഫ്ട് മുഖേന അത് ഉപഭോക്താവിന് റീഫണ്ട് ചെയ്യുന്നതാണ്. ബാലൻസ് തുകയുടെ റീഫണ്ടിനായി ഉപഭോക്താവ് യെസ് ബാങ്കിന് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## VII. നോട്ടീസുകൾ

ഇതിനുകീഴിൽ യെസ് ബാങ്ക് നല്കുന്ന ഏതു നോട്ടീസും, യെസ് ബാങ്കിന് ലഭ്യമാക്കിയിട്ടുള്ള അല്ലെങ്കിൽ ലഭ്യമായ ഇമെയിൽ അല്ലെങ്കിൽ മേൽവിലാസത്തിൽ യെസ് ബാങ്ക് അയച്ച നോട്ടീസിന്റെ അല്ലെങ്കിൽ ഇമെയിലിന്റെ തീയതി മുതൽ ഏഴു )7) ദിവസങ്ങൾക്കുള്ളിൽ ഉപഭോക്താവ് സ്വീകരിച്ചതായി കണക്കാക്കുന്നതാണ് .

ഇതിനുകീഴിൽ ഉപഭോക്താവു നല്കുന്ന ഏതു നോട്ടീസും, ആ നോട്ടീസ് യെസ് ബാങ്കിനു, ട്വന്റിസെക്കന്റ് ഫ്ളോർ, ഇൻഡ്യാബുൾസ് ഫിനാൻഷ്യൽ സെന്റർ, സേനാപതി ബപത് മാർഗ്, എൽഫിൻസ്റ്റേൺ (വെസ്റ്റ്), മുംബൈ -400013 എന്ന അതിന്റെ കോർപ്പറേറ്റ് ഓഫീസ് അഡ്രസ്സിൽ ലഭിച്ചതിന്റെ അംഗീകാരം ലഭിക്കുമ്പോൾ മാത്രമേ യെസ് ബാങ്ക് സ്വീകരിച്ചതായി കണക്കാക്കുകയുള്ളൂ .

ഇതിനുകീഴിൽ ഉപഭോക്താവിൽ നിന്നുള്ള ഏതെങ്കിലും നോട്ടീസോ ആശയവിനിമയമോ അത് രേഖാമൂലമുള്ളതും യെസ് ബാങ്കിനു നല്കുകയും അത് ലഭിച്ചതായി അംഗീകാരം ലഭിക്കുകയും അഥവാ രജിസ്റ്റേഡ് പോസ്റ്റ് വഴിയാണെങ്കിൽ, അക്നോളജ്മെന്റ് കാർഡ് ലഭിക്കുകയും ചെയ്തില്ലെങ്കിൽ യെസ് ബാങ്കിന്മേൽ ബാധകമായിരിക്കുന്നതല്ല.

## VIII. ചാർജുകൾ

a) ചാർജുകളിൽ ചുവടെ പറയുന്നവ ഉൾപ്പെടുന്നു::

(a) പകരം കാർഡു നല്കൽ, പുതുക്കൽ, കൈകാര്യച്ചെലവും മറ്റു ഫീസുകളുണ്ടെങ്കിൽ അവയും ഉൾപ്പെടെ, ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെട്ട് യെസ് ബാങ്ക് ചാർജു ചെയ്യുന്ന ഏതു ഫീസും. ഈ ഫീസുകൾ തിരികെ നല്കാനാവാത്തവയും, കൈമാറ്റം ചെയ്യാനാവാത്തവയും, അസ്സൈൻ ചെയ്യാനാവാത്തവയുമാണ്.

(b) പ്രത്യേക തരം ഇടപാടുകൾക്കുള്ള സേവന ചാർജുകൾ. ഇത്തരം ചാർജുകൾ കണക്കാക്കുന്നതിനുള്ള വിധം യെസ് ബാങ്ക് അതാതു കാലങ്ങളിൽ അതിന്റെ വെബ്സൈറ്റായ www.yesbank.inൽ വിജ്ഞാപനം ചെയ്യുന്നതായിരിക്കും.

.

b) എല്ലാ ചാർജുകളും, പ്രകടമായ തെളിവുകളുടെ അഭാവത്തിൽ, അന്തിമവും ഉപഭോക്താവ് അത് അടയ്ക്കുവാൻ ബാധ്യസ്ഥവും നിർബന്ധിതവുമായിരിക്കും.

c) നിയമപരമായ എല്ലാ നികുതികളും, ചരക്കു സേവന നികുതിയും, മറ്റെല്ലാ ഇംപോസ്റ്റുകളും, ഡ്യൂട്ടികളും (സ്റ്റാമ്പ് ഡ്യൂട്ടിയും ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെട്ട പ്രസക്തമായ രജിസ്ട്രേഷൻ ചാർജുകളുണ്ടെങ്കിൽ അതും), കാലാകാലങ്ങളിൽ സർക്കാരോ ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായി ബന്ധപ്പെട്ടതോ സംബന്ധിച്ചതോ ആയ മറ്റു അധികൃതരോ ചുമത്തുന്ന നികുതികളും (ഏതു വിവരണത്തിൽ പെട്ടതായാലും, ഉപഭോക്താവ് വഹിക്കുന്നതായിരിക്കും.

## IX. പണം പിൻവലിക്കൽ

a) ഉപഭോക്താവിന് യെസ് ബാങ്ക് എ.ടി.എം.ൽ നിന്നും അംഗങ്ങളായ ബാങ്കുകളുടെ എ.ടി.എം.കളിൽ നിന്നും അടിയന്തര തുക പിൻവലിക്കൽ പ്രാപ്യമാകുന്നതിന് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ഉപയോഗിക്കാവുന്നതാണ്. എന്നിരുന്നാലും, ഒരു സമയത്ത് പിൻവലിക്കാവുന്ന ആകെ തുക, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിൽ ലഭ്യമായ ബാലൻസിലോ അതാതുകാലങ്ങളിൽ റിസർവ് ബാങ്ക് നിശ്ചയിക്കുന്ന പരിധിയിലോ അധികമാകാൻ പാടില്ല.

## X. നഷ്ടപ്പെട്ടതോ, മോഷ്ടിക്കപ്പെട്ടതോ, ദുരുപയോഗം ചെയ്യപ്പെട്ടതോ ആയ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ്:

a) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് നഷ്ടപ്പെടുകയോ മോഷ്ടിക്കപ്പെടുകയോ ചെയ്താൽ, അത്തരം നഷ്ടം അല്ലെങ്കിൽ മോഷണം ഉപഭോക്താവ് ഉടനടി കസ്റ്റമർ കെയർ സെന്ററിൽ റിപ്പോർട്ട് ചെയ്യേണ്ടതും ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് തൽക്ഷണം പ്രവർത്തനരഹിതമാക്കുന്നതിന് അപേക്ഷിക്കേണ്ടതുമാണ്.

b) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് നഷ്ടപ്പെട്ടതായോ, മോഷ്ടിക്കപ്പെട്ടതായോ, നശിച്ചതായോ ഒരിക്കൽ റിപ്പോർട്ടു ചെയ്തു കഴിഞ്ഞാൽ, ആ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് പിന്നീട് കണ്ടെത്തിയാലും, വീണ്ടും ഉപയോഗിക്കുവാൻ സാധ്യമല്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ സുരക്ഷയുടെ ഉത്തരവാദിത്തം ഉപഭോക്താവിനായിരിക്കുന്നതും ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് ദുരുപയോഗം ചെയ്യപ്പെടുന്നില്ലെന്ന് ഉറപ്പു വരുത്തുന്നതിനുള്ള എല്ലാ നടപടികളും സ്വീകരിക്കേണ്ടതുമാണ്. ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ നഷ്ടപ്പെടലോ, മോഷണമോ, നശീകരണമോ സംഭവിക്കുന്നപക്ഷം, മേല്പറഞ്ഞ വിധത്തിലുള്ള നടപടികൾ എടുക്കുന്നതിന് ഉപഭോക്താവ് അവഗണന കാട്ടുകയോ, വിസമ്മതിക്കുകയോ, പരാജയപ്പെടുകയോ ചെയ്തതായി യെസ് ബാങ്ക് ഉറപ്പാക്കുകയോ ആ വിധത്തിൽ എന്തെങ്കിലും വിവരം ലഭിക്കുകയോ ചെയ്താൽ, അത്തരത്തിലുള്ള ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് റദ്ദാക്കുന്നതിനോ അവസാനിപ്പിക്കുന്നതിനോ ഉള്ള മുഴുവൻ അവകാശവും യെസ് ബാങ്കിനായിരിക്കും.

c) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് നഷ്ടപ്പെട്ടതായോ, മോഷ്ടിക്കപ്പെട്ടതായോ, നശിച്ചതായോ ഉപഭോക്താവ് റിപ്പോർട്ടു ചെയ്തതിനു ശേഷം ആ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്മേൽ നടക്കുന്ന യാതൊരു അനധികൃത ഇടപാടിനും ഉപഭോക്താവിന്മേൽ ബാധ്യത ഉണ്ടാവുന്നതല്ല. ഉപഭോക്താവ് റിപ്പോർട്ട് ചെയ്തതിനു ശേഷം ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്മേൽ വരുന്ന എല്ലാ ബാധ്യതകളും യെസ് ബാങ്ക് വഹിക്കുന്നതായിരിക്കും. എന്നിരുന്നാലും, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് നഷ്ടപ്പെട്ടതായോ, മോഷ്ടിക്കപ്പെട്ടതായോ, ദുരുപയോഗം ചെയ്തതായോ റിപ്പോർട്ട് ചെയ്തതിനു ശേഷം, റിപ്പോർട്ട് ചെയ്തതും / അല്ലെങ്കിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്മേൽ ഇടപാടു /കൾ നടത്തിയതുമായ സമയത്തെ സംബന്ധിച്ച് എന്തെങ്കിലും തർക്കം ഉടലെടുക്കുന്നപക്ഷം, യെസ് ബാങ്കിന്റെ എല്ലാ തീരുമാനങ്ങളും അന്തിമവും ഉപഭോക്താവിന് ബാധകവുമായിരിക്കും. .

## XI. ബാധ്യതയുടെ ഒഴിവാക്കൽ

a) മുൻപറഞ്ഞതിനു വിരുദ്ധമല്ലാതെ, പ്രത്യക്ഷമായോ പരോക്ഷമായോ, ചുവടെ നല്കിയിരിക്കുന്നവയിൽ നിന്ന് ഉത്ഭവിക്കുന്ന യാതൊരുവിധ നഷ്ടമോ നാശമോ സംബന്ധിച്ച് യെസ് ബാങ്കിന് ഉപഭോക്താവിനോടോ ഏതെങ്കിലും മൂന്നാം കക്ഷിയോടോ യാതൊരു ബാധ്യതയോ ഉത്തരവാദിത്തമോ ഉണ്ടായിരിക്കുന്നതല്ല:

1. വിതരണം ചെയ്ത ഏതെങ്കിലും ചരക്കുകളിലോ സേവനങ്ങളിലോ ഉള്ള ഏതെങ്കിലും പോരായ്മ
2. ഏതെങ്കിലും ചരക്കുകളുടെയോ സേവനങ്ങളുടെയോ ഗുണനിലവാരം, മൂല്യം, വാറണ്ടി, എത്തിക്കുന്നതിൽ വന്ന കാലതാമസം, എത്തിക്കാതിരിക്കൽ, ലഭിക്കാതിരിക്കൽ എന്നിവയെ സംബന്ധിച്ച ഏതെങ്കിലും തർക്കങ്ങൾ;
3. ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് മാനിക്കുകയോ സ്വീകരിക്കുകയോ ചെയ്യുന്നതിന് ഏതെങ്കിലും വ്യക്തി കാണിച്ച നിഷേധം
4. കാരണം എന്തുതന്നെയായാലും, ആഗ്രഹിച്ച തരത്തിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് പ്രവർത്തിക്കാത്തത്, അല്ലെങ്കിൽ എന്തു കാരണം കൊണ്ടായാലും എ.ടി.എം. പ്രവർത്തിക്കാത്തത്
5. ഏതെങ്കിലും കമ്പ്യൂട്ടർ ടെർമിനൽ ശരിയാംവിധം പ്രവർത്തിക്കാത്തത്
6. ശക്തമായ ഏതെങ്കിലും സംഭവങ്ങൾ
7. ഏതെങ്കിലും മൂന്നാം കക്ഷിക്ക് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് കൈമാറ്റം ചെയ്യുന്നത്.
8. ഉപഭോക്താവ് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് അവസാനിപ്പിക്കുന്നത്.
9. യെസ് ബാങ്ക് ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് തിരികെ വാങ്ങിയതുമൂലം ഉപഭോക്താവിന് ഉണ്ടായെന്ന് ആരോപിക്കപ്പെടുന്ന ഏതെങ്കിലും നഷ്ടമോ കോട്ടമോ.
10. ഒരു ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന് അനുവദിച്ച തുകയിലെ പൊരുത്തക്കേട് സംബന്ധിച്ച് ഉപഭോക്താവിൽ നിന്ന് നിർദ്ദേശങ്ങൾ ലഭിച്ചതിന്മേൽ
11. ഉപഭോക്താവിന്റെ അപേക്ഷപ്രകാരം ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്മേൽ നടത്തിയ ഏതെങ്കിലും റിവേഴ്സലുകൾ.

## XII. തർക്കിക്കപ്പെടുന്ന ഇടപാടുകൾ

a) ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് നഷ്ടപ്പെടുകയോ, മോഷ്ടിക്കപ്പെടുകയോ, വഞ്ചനാപരമായി ദുരുപയോഗം ചെയ്യപ്പെടുകയും ഉപഭോക്താവിനാൽ തെളിയിക്കപ്പെടുകയും ചെയ്യാത്തിടത്തോളം, പണമടയ്ക്കുന്നതിനു വേണ്ടി യെസ് ബാങ്കിനു ലഭിച്ച ഏതെങ്കിലും ചാർജ് അല്ലെങ്കിൽ ഇടപാടു സ്ലിപ്പ് അല്ലെങ്കിൽ മറ്റു പണമടയ്ക്കൽ അർത്ഥന, അത്തരം ചാർജിന്റെ നിർണ്ണായകമായ തെളിവായിരിക്കും.

b) ജി.പി.ആർ. പ്രീപെയ്ഡ് കാർഡിനെ സംബന്ധിച്ചുള്ള തർക്കിക്കപ്പെടുന്ന എല്ലാ ഇടപാടുകളും, തർക്കിക്കപ്പെടുന്ന ഇടപാടു നടന്ന തീയതി മുതൽ പതിനഞ്ച് (15) ദിവസങ്ങൾക്കകം, യെസ് ബാങ്കിന്റെ കസ്റ്റമർ കെയർ സെന്ററിൽ ഉന്നയിക്കേണ്ടതാണ്. തർക്കിക്കപ്പെടുന്ന ഇടപാടു നടന്ന തീയതി മുതൽ പതിനഞ്ച് (15) ദിവസങ്ങൾക്കു ശേഷം നല്കുന്ന ഏത് അപേക്ഷയും യെസ് ബാങ്ക് സ്വീകരിക്കുകയില്ലെന്ന് ഉപഭോക്താവ് സമ്മതിക്കുന്നു.

## XIII. ചരക്കുകളുടെയും സേവനങ്ങളുടെയും ഗുണനിലവാരം

a) വാങ്ങിയ ഏതെങ്കിലും ചരക്കിനെയോ നേടിയ സേവനത്തെയോ സംബന്ധിച്ച് ഏതെങ്കിലും കച്ചവട സ്ഥാപനത്തിനെതിരെയുള്ള എന്തെങ്കിലും തർക്കമോ പരാതിയോ ആ വ്യാപാര സ്ഥാപനവുമായി ഉപഭോക്താവ് നേരിട്ട് പരിഹരിക്കേണ്ടതാണ്.

## XIV. വെളിപ്പെടുത്തലുകൾ

a) ഉപഭോക്താവിനെയും ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ ഉപയോഗത്തെയും സംബന്ധിക്കുന്ന വിവരങ്ങൾ മറ്റേതു ബാങ്കുകളുമായോ ധനകാര്യപരമോ നിയമപരമോ നിയന്ത്രണപരമോ ആയ അധികൃതരുമായോ പങ്കുവക്കുന്നത് ഉപഭോക്താവ് അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

b) ഏതെങ്കിലും ഉപഭോക്തൃ കുറ്റകൃത്യങ്ങളും / അല്ലെങ്കിൽ ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്റെ ഉപയോഗവും യെസ് ബാങ്ക് മറ്റേതു ബാങ്കുകൾക്കും ധനകാര്യപരമോ നിയമപരമോ നിയന്ത്രണപരമോ ആയ അധികൃതർക്കും റിപ്പോർട്ട് ചെയ്യുന്നത് ഉപഭോക്താവ് അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. അത്തരം ബാങ്കുകളുടെയോ ധനകാര്യപരമോ നിയമപരമോ നിയന്ത്രണപരമോ ആയ അധികൃതരുടെയോ വിശദാംശങ്ങൾ, അത്തരം വെളിപ്പെടുത്തലുകളുടെ വ്യാപ്തി ഉൾപ്പെടെ, ഉപഭോക്താവിനോട് വെളിപ്പെടുത്തുന്നതിന് യെസ് ബാങ്കിന് കടപ്പാട് ഉണ്ടായിരിക്കുന്നതല്ല.

c) ഉപഭോക്താവിന്റെ വിശദാംശങ്ങളെയും പണമടയ്ക്കൽ ചരിത്രത്തെയും സംബന്ധിക്കുന്ന എല്ലാ വിവരങ്ങളും യെസ് ബാങ്ക് ഗ്രൂപ്പ് കമ്പനികളുമായോ അഫിലിയേറ്റുകളുമായോ കൈമാറ്റം ചെയ്യുന്നതിനോ, പങ്കുവക്കുന്നതിനോ, അടിയറവു വക്കുന്നതിനോ യെസ് ബാങ്കിനെയും അതിന്റെ ഏജന്റുമാരെയും ഉപഭോക്താവ് ഇതിനാൽ അധികാരപ്പെടുത്തുന്നു.

## XV. ഭരിക്കുന്ന നിയമവും അധികാരപരിധിയും

a) ഈ നിബന്ധനകളും വ്യവസ്ഥകളുമായി ബന്ധപ്പെട്ട് ഉയരുന്ന എല്ലാ തർക്കങ്ങളും ഇന്ത്യയിലെ നിയമങ്ങൾക്കനുസരണമായി ഭരിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യുന്നതും മുംബൈയിലെ കോടതികളുടെ മാത്രം അധികാരപരിധിക്ക് വിധേയവുമായിരിക്കുന്നതുമാണ്.

## XVI. ഈ നിബന്ധനകളും വ്യവസ്ഥകളും മാറ്റുന്നത്

ജി.പി.ആർ. പ്രീപെയ്ഡ് കാർഡിന്മേൽ വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള പലിശ ചാർജുകൾ അഥവാ നിരക്കുകളും കണക്കാക്കുന്ന രീതികളും ഉൾപ്പെടെ, എന്നാൽ അതിൽ മാത്രം പരിമിതപ്പെടാത്ത, പ്രത്യേകതകളും ആനുകൂല്യങ്ങളും, ഈ നിബന്ധനകളും വ്യവസ്ഥകളും മാറ്റുന്നതിനുള്ള സമ്പൂർണ്ണ അവകാശം യെസ് ബാങ്കിനായിരിക്കും

a) ഭേദഗതി ചെയ്യപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും യെസ് ബാങ്ക് അതിന്റെ വെബ്സൈറ്റായ www.Yesbank.inൽ ഇടുന്നതിലൂടെയോ, യെസ് ബാങ്ക് തീരുമാനിക്കുന്ന മറ്റേതെങ്കിലും മാർഗ്ഗത്തിലൂടെയോ അറിയിക്കുന്നതായിരിക്കും.

b) ഈ നിബന്ധനകളും വ്യവസ്ഥകളും, യെസ് ബാങ്ക് അതിന്റെ വെബ്സൈറ്റായ www.yesbank.in ൽ പോസ്റ്റു ചെയ്യുന്നതായ, അതിനുള്ള ഭേദഗതികൾ ഉൾപ്പെടെ അവലോകനം ചെയ്യുന്നതിനുള്ള ഉത്തരവാദിത്തം ഉപഭോക്താവിനായിരിക്കുന്നതും, ജി.പി.ആർ. പ്രീപെയ്ഡ് കാർഡ് തുടർന്നും ഉപയോഗിക്കുന്നതിലൂടെ ഭേദഗതി ചെയ്യപ്പെട്ട നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചതായി കണക്കാക്കുന്നതുമായിരിക്കും.

## XVII. ചാർജുകളുടെ പട്ടിക

| ഫീസ് | തുക |
|---|---|
| കാർഡ് ഇഷ്യൂ ചെയ്യുന്നതിന് | ഓരോ കാർഡിനും രൂ .200 വീതം |
| എ.ടി.എം. പണം പിൻവലിക്കൽ | ഇന്ത്യൻ രൂ .20 |
| എ.ടി.എം. ബാലൻസ് അന്വേഷണം | ഇന്ത്യൻ രൂ .8 |
| വാർഷിക ഫീസ് | ഇന്ത്യൻ രൂ .200 |
| കാർഡ് മാറ്റി നല്കുന്നതിന് | ഓരോ കാർഡിനും രൂ .100 വീതം |

ഇങ്ങനെയൊക്കെയായാലും, ഇവിടെ അടങ്ങിയിരിക്കുന്ന യാതൊന്നും, ജി.പി.ആർ. പ്രീപെയ്ഡ് കാർഡിലൂടെയുള്ള ഏത് ഇടപാടിൽ നിന്നും, ബാധകമായ നിയമപ്രകാരം ആവശ്യമായ വിധത്തിൽ സ്രോതസ്സിൽ കുറയ്ക്കേണ്ട നികുതി കുറയ്ക്കുന്നതിൽ നിന്ന് യെസ് ബാങ്കിനെ തടയുന്നില്ല.

## XVIII. ഉപഭോക്തൃ പരാതി പരിഹാരം

a) ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായും / അല്ലെങ്കിൽ ഈ നിബന്ധനകളും വ്യവസ്ഥകളുമായും ബന്ധപ്പെട്ട് എന്തെങ്കിലും തർക്കമോ പരാതിയോ ഉണ്ടാകുന്നപക്ഷം, ഉപഭോക്താവിന് യെസ് ബാങ്കിന്റെ 24 മണിക്കൂർ കസ്റ്റമർ കെയർ നമ്പറായ 18002000 ലോ yestouch@yesbank.in എന്ന ഇമെയിലിലോ ബന്ധപ്പെടാവുന്നതാണ്.

b) ജി.പി.ആർ. പ്രീപെയ്ഡ് കാർഡുമായും / അല്ലെങ്കിൽ ഈ നിബന്ധനകളും വ്യവസ്ഥകളുമായും ബന്ധപ്പെട്ട തർക്കമോ പരാതിയോ യെസ് ബാങ്കിന്റെ കസ്റ്റമർ കെയറിനാൽ വേണ്ടവിധത്തിൽ സംബോധന ചെയ്യപ്പെടുകയോ പരിഹരിക്കപ്പെടുകയോ ചെയ്യാത്തപക്ഷം, ഉപഭോക്താവിന് യെസ് ബാങ്കിന്റെ വെബ്സൈറ്റിൽ വിശദാംശങ്ങൾ നല്കിയിട്ടുള്ള യെസ് ബാങ്ക് നോഡൽ ഓഫീസറെ സമീപിക്കാവുന്നതാണ്.

c) ഉപഭോക്താവ് ഉന്നയിക്കുന്ന എല്ലാ പരാതികളും, തർക്കങ്ങളും സമയബന്ധിതമായ രീതിയിൽ സംബോധന ചെയ്യപ്പെടുകയും / അല്ലെങ്കിൽ പരിഹരിക്കപ്പെടുകയും ചെയ്യുമെന്ന് യെസ് ബാങ്ക് സമ്മതിക്കുന്നു.

d) ഉപഭോക്താവിന് ഏതു സമയത്തും അവരുടെ പരാതി പരിഹാരത്തിനായി ബാങ്കിംഗ് ഓംബുഡ്സ്മാനെ സമീപിക്കാവുന്നതാണ്.